**15 -ാം കേരള നിയമസഭ**

**16 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1685** **04-02-2026 - ൽ മറുപടിയ്ക്ക്**

**നെൽകൃഷി വികസനം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ഡോ. എം. കെ. മുനീർ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് നിലവിലെ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം നെൽകൃഷി വികസനത്തിനുവേണ്ടി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ; | (എ) | കേരളത്തിലെ കാർഷിക മേഖലയെ കരുത്തുറ്റതാക്കാനുള്ള സർക്കാർ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രാധാന്യമുള്ളത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതും നെൽകർഷകർക്ക് താങ്ങാകുന്ന രീതിയിൽ അടിസ്ഥാന വില ഉറപ്പാക്കുന്നതുമാണ്. നെൽകൃഷിയെ പ്രോത്സാഹിപ്പിക്കാനും കർഷകർക്ക് സുരക്ഷിതമായ വരുമാനം ഉറപ്പാക്കാനും സർക്കാരിന്റെ വിവിധ പദ്ധതികൾ ഗുണകരമാണ്. സാമ്പത്തിക സഹായം, സാങ്കേതിക പിന്തുണ, പ്രോസസ്സിംഗ് സൗകര്യങ്ങൾ, സംഭരണ വിപണന പിന്തുണ, ഇൻഷ്വറൻസ്, സബ്സിഡി, സാങ്കേതിക പരിശീലനം എന്നിവ കർഷക സമൂഹത്തിന് വലിയ ആശ്വാസമാണ് നൽകുന്നത്.<br><br>ഗുണമേന്മയുള്ളതും അത്യുത്പാദന ശേഷിയുള്ളതുമായ നെൽവിത്ത് ലഭ്യമാക്കിയും ശാസ്ത്രീയമായ നെൽകൃഷി രീതികൾ അവലംബിക്കുന്നതിനു വേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകിയും മറ്റ് ഉത്പാദനോപാധികളുടെയും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കിയും നെൽകൃഷിയുടെ വിസ്തൃതി കുറയുന്നത് ഒഴിവാക്കുവാനും നെൽകൃഷിയിൽ നിന്നും പരമാവധി ഉത്പാദനം ഉറപ്പാക്കുവാനുമുള്ള പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് കൈക്കൊണ്ടു വരുന്നത്. സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു. |

അത്യുത്പാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/- രൂപ നൽകുന്നുണ്ട്. ഇതിനായി 2025-26 വർഷത്തിൽ 13.4 ലക്ഷം ഹെക്ടറിലേക്ക് 7370.00 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരികയാണ്. നെൽവയലുകളുടെ ഉടമസ്ഥർക്ക് റോയൽറ്റിയായി ഹെക്ടറിന് 3000/- രൂപ നിരക്കിൽ 2025-26 സാമ്പത്തിക വർഷത്തിൽ 700.00 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. നെൽവയലിലെ മണ്ണിന്റെ ആരോഗ്യ പരിപാലനത്തിനായി നെൽകൃഷിക്കുള്ള കുമ്മായത്തിന് ഒരു ഹെക്ടറിലേക്ക് 5400/- രൂപ നിരക്കിൽ 2650.00 ലക്ഷം രൂപയും ആയതിന്റെ ട്രാൻസ്പോർടേഷൻ ചെലവുകൾക്കായി 10 ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2660.00 ലക്ഷം രൂപ 2025-26 സാമ്പത്തിക വർഷത്തിൽ നീക്കി വെച്ചിട്ടുണ്ട്.

പൊതു ഞാറ്റടി, കർഷക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റ പണികൾ തുടങ്ങിയ പാടശേഖരസമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തന ചെലവിനായി ഹെക്ടറിന് 360/- രൂപ ക്രമത്തിൽ 350.00 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള 10 നെൽകൃഷി വികസന ഏജൻസികൾക്കായി 2025-26 വർഷത്തിൽ 30 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

തരിശുനില കൃഷിക്ക് ഹെക്ടർ ഒന്നിന് 35000/- രൂപ കർഷകനും 5000/- രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ 40,000/- രൂപ പ്രകാരം ആനുകൂല്യം നൽകുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ തരിശ് ഭൂമിയിൽ നെൽകൃഷി നടപ്പിലാക്കുന്നതിനായി 320.00 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. പ്രത്യേക നെല്ലിനങ്ങളുടെ കൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടർ ഒന്നിന് 10,000/- രൂപ നിരക്കിൽ 25.00 ലക്ഷം രൂപയാണ് നീക്കിവെച്ചിട്ടുള്ളത്. കോൾ മേഖലയിലെ നെൽകൃഷി വികസനത്തിനായി തൃശ്ശൂർ ജില്ലയിൽ പ്രത്യേക ഓപ്പറേഷൻ ഡബിൾ കോൾ എന്ന പ്രത്യേക പദ്ധതിയും നടപ്പാക്കി വരുന്നു.

2025-26 വർഷത്തിൽ നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി നടപ്പിലാക്കുന്നതിന് 115.00 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. ഡ്രോൺ ഉപയോഗിച്ച് പത്രപോഷണത്തിലൂടെ സൂക്ഷ്മ മൂലകങ്ങൾ നൽകുന്നത് വഴി നെല്ലിന്റെ ഉൽപ്പാദനം വർധിപ്പിക്കുന്നതിനായി 2025-26 സാമ്പത്തിക വർഷത്തിൽ 300.00 ലക്ഷം രൂപയാണ് വക കൊള്ളിച്ചിട്ടുള്ളത്.

2025-26 സാമ്പത്തിക വർഷത്തിൽ പ്രൊജക്റ്റ് അടിസ്ഥാനത്തിൽ ബ്ലോക്ക് തല സംയോജനത്തോടെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, അരി മില്ലുകളുടെ സ്ഥാപനം, തദ്ദേശ ബ്രാൻഡുകളുടെ പ്രോത്സാഹനം എന്നിവയ്ക്കായി 75.00 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. നെല്ലിന്റെ ഉത്പാദന ബോണസായി ഓരോ സീസണിലെ നെൽക്കൃഷിക്കും ഹെക്ടറിന് 1000/- രൂപ നൽകുന്നു. ഇതിനായി 2025-26 വർഷത്തിൽ 1368.50 ലക്ഷം രൂപയാണ് സർക്കാർ നൽകുന്നത്. നെൽകൃഷിയുടെ ജലസേചനത്തിനാവശ്യമായ വൈദ്യുതി, ഭൂമിയുടെ വിസ്തൃതിക്ക് പരിധിയില്ലാതെ, സൗജന്യമായി അനുവദിച്ചു വരുന്നുമുണ്ട്. പൊക്കാളി നെല്ലിനങ്ങളുടെ ഫീൽഡ് തല സീഡ് മൾട്ടിപ്ലിക്കേഷൻ നടത്തുന്നതിനായി 25 ലക്ഷം രൂപയും നടപ്പു സാമ്പത്തിക വർഷം ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രദർശന പ്ലോട്ടുകൾ, സർട്ടിഫൈഡ് വിത്തുല്പാദനം, മണ്ണ് പരിപോഷണം, സമീകൃത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, യന്ത്രവൽക്കരണം, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവ നെൽകൃഷി പരിശീലന പരിപാടി തുടങ്ങിയവയ്ക്കായും സർക്കാർ ധനസഹായം നൽകുന്നുണ്ട്. ജനകീയാസൂത്രണത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽകൃഷി വികസന പദ്ധതികളിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും ഉല്പാദനോപാധികൾക്കുള്ള ആനുകൂല്യവും (പരമാവധി 25000/-രൂപ/ഹെക്ടർ) കർഷകർക്ക് ലഭിക്കും. പൊക്കാളി, കരി, കൈപ്പാട് എന്നീ പ്രത്യേക നെൽകൃഷി മേഖലകളിൽ പരമാവധി ആനുകൂല്യം ഹെക്ടറിന് 32,000/- രൂപയാണ്.

ഇതിനു പുറമെ പ്രകൃതിക്ഷോഭം മൂലം നെൽകൃഷിയ്ക്ക് ആരംഭഘട്ടത്തിൽ നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കുവാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നു. കൂടാതെ, പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ഹെക്ടറിന് 17000/- രൂപ നിരക്കിലും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിളയ്ക്ക് ഉണ്ടാകുന്ന നാശത്തിനു ഹെക്ടറിന് 15000/- രൂപയും 45 ദിവസത്തിന് ശേഷമുള്ള വിളയ്ക്ക് ഉണ്ടാകുന്ന നാശത്തിനു ഹെക്ടറിന് 35000/-രൂപ പ്രകാരവും ധനസഹായം അനുവദിക്കുന്നുണ്ട്.

കുട്ടനാടൻ മേഖലയിലെ പ്രത്യേക കാർഷിക പ്രവർത്തനങ്ങളെ അടിസ്ഥാനപ്പെടുത്തി നെൽകൃഷിയ്ക്കു വേണ്ടി വെള്ളം വറ്റിക്കുന്നതു മുതൽ നിലമൊരുക്കൽ, വിത്തിടൽ, വിളവെടുപ്പ്, സംഭരണം തുടങ്ങി നെൽകൃഷിയുടെ ഓരോ പ്രവർത്തനങ്ങളും

സമയബന്ധിതമായി നടപ്പിലാക്കുന്ന തിനു വേണ്ടി ഈ മേഖലയിലെ വിദഗ്ധർ ഒരു കാർഷിക വിള കലണ്ടർ ഉണ്ടാക്കുകയും ആയതിനെ അടിസ്ഥാനമാക്കി ഈ വർഷം മുതൽ കൃഷി ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു.

ഈ പ്രവർത്തനങ്ങൾ എല്ലാം തന്നെ നെൽകൃഷിയുടെ വിസ്തൃതിയും നെല്ലിന്റെ ഉൽപാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുവാനുള്ള ഇടപെടലുകളാണ്. സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ നെൽകൃഷിയുടെ വിസ്തൃതിയിൽ കുറവു വന്നിട്ടുണ്ടെങ്കിലും അരിയുടെ ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ട്. 2015-16 ൽ 549275 MT അരി കേരളത്തിൽ ഉത്പാദിപ്പിക്കുവാൻ സാധ്യമായപ്പോൾ അത് 2022-23 വർഷത്തിൽ 595860 MT ആയി ഉയർന്നു.

അപ്രകാരം **ആവശ്യമായ വിവിധ ഉത്പാദനോപാധികൾ, സാമ്പത്തിക - സാങ്കേതിക സഹായങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, യന്ത്രോപകരണങ്ങൾ , ഇൻഷുറൻസ് പരിരക്ഷ , സംഭരണത്തിനും വിപണനത്തിനും മൂല്യവർദ്ധനവിനും ആവശ്യമായ സഹായങ്ങൾ , പ്രകൃതി ക്ഷോഭം , കാലാവസ്ഥ വ്യതിയാനം എന്നിവ കൊണ്ടുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള ധനസഹായങ്ങൾ , കൃഷിച്ചെലവ് കുറക്കുന്നതിനുള്ള നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിനുള്ള ധനസഹായം, അതിനുള്ള സാങ്കേതിക പരിശീലനം എന്നിവ യഥാസമയം നൽകികൊണ്ട് ഉത്പാദനവും ഉത്പാദന ക്ഷമതയും വർധിപ്പിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള കർഷക ക്ഷേമ പ്രവർത്തനങ്ങൾ ആണ് സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നത്. ഇതിനായി സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, സോയിൽ ഹെൽത്ത് ആൻഡ് പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം, ജനകീയാസൂത്രണ പദ്ധതികൾ, റെബിൽഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതി, RIDF പദ്ധതി , പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, നെല്ല് സംഭരണം എന്നിവയിലൂടെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിൽ ഊന്നിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്.** പ്രസ്തുത നടപടികളിലൂടെ കർഷകർക്ക് നെല്ല് സംഭരണ വില സമയബന്ധിതമായി ലഭ്യമാക്കാനും, ഇടക്കാല വായ്പാ സംവിധാന ങ്ങളിലേക്കുള്ള ആശ്രയം കുറയ്ക്കാനും, സഹകരണ മേഖലയെ ശക്തിപ്പെടുത്തിയും കർഷക സൗഹൃദവും സ്ഥിരതയുള്ളതുമായ നെല്ല് സംഭരണ സംവിധാനം സംസ്ഥാനത്ത് ഉറപ്പാക്കാനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

രാജ്യത്ത് ഏറ്റവും മാതൃകാപരമായി വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ലിന് താങ്ങുവിലയോടൊപ്പം പ്രോത്സാഹന ബോണസ് കൂടി നൽകിയാണ് സംസ്ഥാനത്ത് നെല്ല് സംഭരിക്കുന്നത്. കേന്ദ്രസർക്കാർ നെല്ലിന് നൽകുന്ന താങ്ങുവില കിന്റലിന് 2369/- രൂപയാണ്. എം.എസ്.പി.യും സംസ്ഥാന സർക്കാർ നൽകുന്ന പ്രോത്സാഹന ബോണസും കൈകാര്യ ചെലവും ചേർത്ത് ഒരു കിലോ ഗ്രാം നെല്ലിന് 30 രൂപ വിലയിലാണ് 20-10-2025 തീയതി മുതൽ സംഭരിക്കുന്നത്.

സംസ്ഥാനത്തെ നെല്ലിന്റെ ഉയർന്ന ഉത്പാദനച്ചെലവും, ഉത്പാദനോപാധികളുടെ കൂടിയ വിലയും കണക്കാക്കുമ്പോൾ കേന്ദ്രസർക്കാർ നൽകുന്ന ഈ താങ്ങുവില സംസ്ഥാനത്തെ കർഷകരെ സംബന്ധിച്ചിടത്തോളം വളരെ കുറവാണ്. ഏകീകൃത താങ്ങുവിലക്കു പകരം സംസ്ഥാനങ്ങളുടെ ഉത്പാദനച്ചെലവിന്റെ അടിസ്ഥാന ത്തിൽ സംസ്ഥാനാധിഷ്ഠിതമായി താങ്ങുവില നിശ്ചയിക്കണമെന്നും താങ്ങുവില ഉയർത്തണമെന്നും കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടും നടപടികൾ ഉണ്ടായിട്ടില്ല. ഉല്പാദനചെലവ് കണക്കാക്കി കിലോയ്ക്ക് 40 രൂപയായി നെല്ലിന്റെ താങ്ങുവില ഉയർത്തണമെന്നാണ് കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

സംസ്ഥനത്തെ നെല്ല് സംഭരണ പ്രക്രിയ കാര്യക്ഷമമാക്കുന്നതിനും നവീകരിക്കുന്നതിനും ശിപാർശകൾ നൽകുന്നതിനുമായി ഡോ. വി.കെ ബേബി എെ.എ.എസ് (റിട്ട.)ന്റെ അധ്യക്ഷതയിൽ രൂപീകരിച്ച നെല്ല് സംഭരണം പഠിക്കാനുള്ള വിദഗ്ദ്ധ സമിതി സമർപ്പിച്ച ശിപാർശകൾക്ക് 01-02-2026ലെ സ.ഉ.(കൈ) നം. 16/2026/കൃഷി ഉത്തരവു പ്രകാരം അംഗീകാരം നൽകുകയും പാലക്കാട് ജില്ലയിൽ നവീകരണ പദ്ധതി ആരംഭിക്കുന്നതിലേക്കായി ടാസ്ക് ഫോഴ്സ് രൂപീകരിച്ച് 2026-27 സംഭരണ വർഷം പാലക്കാട് ജില്ലയിൽ നെല്ല് സംഭരണ നവീകരണ പദ്ധതി നടത്തിപ്പിൽ വരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.

കേരളത്തിലെ കാർഷിക മേഖലയെ കരുത്തുറ്റതാക്കാനുള്ള സർക്കാർ പ്രവർത്തനങ്ങളിൽ ഏറ്റവും പ്രാധാന്യമുള്ളത് നെൽകൃഷി പ്രോത്സാഹിപ്പിക്കുന്നതും നെൽകർഷകർക്ക് താങ്ങാകുന്ന രീതിയിൽ അടിസ്ഥാന വില ഉറപ്പാക്കുന്നതുമാണ്. നെൽകൃഷിയെ പ്രോത്സാഹിപ്പിക്കാനും കർഷകർക്ക് സുരക്ഷിതമായ വരുമാനം

ഉറപ്പാക്കാനും സർക്കാരിന്റെ വിവിധ പദ്ധതികൾ ഗുണകരമാണ്. സാമ്പത്തിക സഹായം, സാങ്കേതിക പിന്തുണ, പ്രോസസ്സിംഗ് സൗകര്യങ്ങൾ, സംഭരണ വിപണന പിന്തുണ, ഇൻഷുറൻസ്, സബ്സിഡി, സാങ്കേതിക പരിശീലനം എന്നിവ കർഷക സമൂഹത്തിന് വലിയ ആശ്വാസമാണ് നൽകുന്നത്.

ഗുണമേന്മയുള്ളതും അത്യുത്പാദന ശേഷിയുള്ളതുമായ നെൽവിത്ത് ലഭ്യമാക്കിയും ശാസ്ത്രീയമായ നെൽകൃഷി രീതികൾ അവലംബിക്കുന്നതിനു വേണ്ട സാങ്കേതിക ഉപദേശങ്ങൾ നൽകിയും മറ്റ് ഉത്പാദനോപാധികളുടെയും കൃഷിക്കാവശ്യമായ യന്ത്രോപകരണങ്ങളുടെ ലഭ്യത ഉറപ്പാക്കിയും നെൽകൃഷിയുടെ വിസ്തൃതി കുറയുന്നത് ഒഴിവാക്കുവാനും നെൽകൃഷിയിൽ നിന്നും പരമാവധി ഉത്പാദനം ഉറപ്പാക്കുവാനുമുള്ള പ്രവർത്തനങ്ങളാണ് കൃഷി വകുപ്പ് കൈക്കൊണ്ടു വരുന്നത്. സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, കേന്ദ്ര സംസ്ഥാനാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, ജനകീയാസൂത്രണം വഴി നടപ്പിലാക്കുന്ന വിവിധ നെൽകൃഷി വികസന പദ്ധതികൾ എന്നിവയിലൂടെ നെൽകൃഷിയുടെ വിസ്തൃതിയും ഉല്പാദനവും വർദ്ധിപ്പിക്കുന്നതിനു വേണ്ടിയുള്ള വിവിധ പദ്ധതികൾ കൃഷി വകുപ്പ് നടപ്പിലാക്കി വരുന്നു.

അത്യുത്പാദനശേഷിയുള്ള നെൽവിത്ത്, വളം, ജൈവിക കീടരോഗ നിയന്ത്രണം മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/- രൂപ നൽകുന്നുണ്ട്. ഇതിനായി 2025-26 വർഷത്തിൽ 13.4 ലക്ഷം ഹെക്ടറിലേക്ക് 7370.00 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരികയാണ്. നെൽവയലുകളുടെ ഉടമസ്ഥർക്ക് റോയൽറ്റിയായി ഹെക്ടറിന് 3000/- രൂപ നിരക്കിൽ 2025-26 സാമ്പത്തിക വർഷത്തിൽ 700.00 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. നെൽവയലിലെ മണ്ണിന്റെ ആരോഗ്യ പരിപാലനത്തിനായി നെൽകൃഷിക്കുള്ള കുമ്മായത്തിന് ഒരു ഹെക്ടറിലേക്ക് 5400/- രൂപ നിരക്കിൽ 2650.00 ലക്ഷം രൂപയും ആയതിന്റെ ട്രാൻസ്പോർട്ടേഷൻ ചെലവുകൾക്കായി 10

ലക്ഷം രൂപയും ഉൾപ്പെടെ ആകെ 2660.00 ലക്ഷം രൂപ 2025-26 സാമ്പത്തിക വർഷത്തിൽ നീക്കി വെച്ചിട്ടുണ്ട്.

പൊതു ഞാറ്റടി, കർഷക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റ പണികൾ തുടങ്ങിയ പാടശേഖരസമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തന ചെലവിനായി ഹെക്ടറിന് 360/- രൂപ ക്രമത്തിൽ 350.00 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള 10 നെൽകൃഷി വികസന ഏജൻസികൾക്കായി 2025-26 വർഷത്തിൽ 30 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.

തരിശുനില കൃഷിക്ക് ഹെക്ടർ ഒന്നിന് 35000/- രൂപ കർഷകനും 5000/- രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ 40,000/- രൂപ പ്രകാരം ആനുകൂല്യം നൽകുന്നു. 2025-26 സാമ്പത്തിക വർഷത്തിൽ തരിശ് ഭൂമിയിൽ നെൽകൃഷി നടപ്പിലാക്കുന്നതിനായി 320.00 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. പ്രത്യേക നെല്ലിനങ്ങളുടെ കൃഷി നടപ്പിലാക്കുന്നതിനായി ഹെക്ടർ ഒന്നിന് 10,000/- രൂപ നിരക്കിൽ 25.00 ലക്ഷം രൂപയാണ് നീക്കിവെച്ചിട്ടുള്ളത്. കോൾ മേഖലയിലെ നെൽകൃഷി വികസനത്തിനായി തൃശ്ശൂർ ജില്ലയിൽ പ്രത്യേക ഓപ്പറേഷൻ ഡബിൾ കോൾ എന്ന പ്രത്യേക പദ്ധതിയും നടപ്പാക്കി വരുന്നു.

2025-26 വർഷത്തിൽ നെൽകൃഷിക്കാവശ്യമായ ഗുണമേന്മയുള്ള നെൽവിത്ത് ഉത്പാദിപ്പിച്ച് കർഷകർക്ക് ലഭ്യമാക്കുന്നതിന് രജിസ്റ്റേർഡ് വിത്തുത്പാദക പദ്ധതി നടപ്പിലാക്കുന്നതിന് 115.00 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. ഡ്രോൺ ഉപയോഗിച്ച് പത്രപോഷണത്തിലൂടെ സൂക്ഷ്മ മൂലകങ്ങൾ നൽകുന്നത് വഴി നെല്ലിന്റെ ഉൽപ്പാദനം വർധിപ്പിക്കുന്നതിനായി 2025-26 സാമ്പത്തിക വർഷത്തിൽ 300.00 ലക്ഷം രൂപയാണ് വക കൊള്ളിച്ചിട്ടുള്ളത്.

2025-26 സാമ്പത്തിക വർഷത്തിൽ പ്രൊജക്ട് അടിസ്ഥാനത്തിൽ ബ്ലോക്ക് തല സംയോജനത്തോടെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം, അരി

മില്ലുകളുടെ സ്ഥാപനം, തദ്ദേശ ബ്രാൻഡുകളുടെ പ്രോത്സാഹനം എന്നിവയ്ക്കായി 75.00 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. നെല്ലിന്റെ ഉത്പാദന ബോണസായി ഓരോ സീസണിലെ നെൽക്കൃഷിക്കും ഹെക്ടറിന് 1000/- രൂപ നൽകുന്നു. ഇതിനായി 2025-26 വർഷത്തിൽ 1368.50 ലക്ഷം രൂപയാണ് സർക്കാർ നൽകുന്നത്. നെൽകൃഷിയുടെ ജലസേചനത്തിനാവശ്യമായ വൈദ്യുതി, ഭൂമിയുടെ വിസ്തൃതിക്ക് പരിധിയില്ലാതെ, സൗജന്യമായി അനുവദിച്ചു വരുന്നുമുണ്ട്. പൊക്കാളി നെല്ലിനങ്ങളുടെ ഫീൽഡ് തല സീഡ് മൾട്ടിപ്ലിക്കേഷൻ നടത്തുന്നതിനായി 25 ലക്ഷം രൂപയും നടപ്പു സാമ്പത്തിക വർഷം ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രദർശന പ്ലോട്ടുകൾ, സർട്ടിഫൈഡ് വിത്തുല്പാദനം, മണ്ണ് പരിപോഷണം, സമീകൃത വളപ്രയോഗം, സംയോജിത കീടരോഗ നിയന്ത്രണം, യന്ത്രവൽക്കരണം, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവ നെൽകൃഷി പരിശീലന പരിപാടി തുടങ്ങിയവയ്ക്കായും സർക്കാർ ധനസഹായം നൽകുന്നുണ്ട്. ജനകീയാസൂത്രണത്തിൽ തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽകൃഷി വികസന പദ്ധതികളിൽ ഉൾപ്പെടുത്തി ഉഴവുകൂലിക്കും ഉല്പാദനോപാധികൾക്കുള്ള ആനുകൂല്യവും (പരമാവധി 25000/-രൂപ/ഹെക്ടർ) കർഷകർക്ക് ലഭിക്കും. പൊക്കാളി, കരി, കൈപ്പാട് എന്നീ പ്രത്യേക നെൽകൃഷി മേഖലകളിൽ പരമാവധി ആനുകൂല്യം ഹെക്ടറിന് 32,000/- രൂപയാണ്.

ഇതിനു പുറമെ പ്രകൃതിക്ഷോഭം മൂലം നെൽകൃഷിയ്ക്ക് ആരംഭഘട്ടത്തിൽ നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കുവാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നു. കൂടാതെ, പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ നിന്നും ഹെക്ടറിന് 17000/- രൂപ നിരക്കിലും വിള ഇൻഷ്വറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിളയ്ക്ക് ഉണ്ടാകുന്ന നാശത്തിനു ഹെക്ടറിന് 15000/- രൂപയും 45 ദിവസത്തിന് ശേഷമുള്ള വിളയ്ക്ക് ഉണ്ടാകുന്ന

നാശത്തിനു ഹെക്ടറിന് 35000/-രൂപ പ്രകാരവും ധനസഹായം അനുവദിക്കുന്നുണ്ട്.

കുട്ടനാടൻ മേഖലയിലെ പ്രത്യേക കാർഷിക പ്രവർത്തനങ്ങളെ അടിസ്ഥാനപ്പെടുത്തി നെൽകൃഷിയ്ക്കു വേണ്ടി വെള്ളം വറ്റിക്കുന്നതു മുതൽ നിലമൊരുക്കൽ, വിത്തിടൽ, വിളവെടുപ്പ്, സംഭരണം തുടങ്ങി നെൽകൃഷിയുടെ ഓരോ പ്രവർത്തനങ്ങളും സമയബന്ധിതമായി നടപ്പിലാക്കുന്ന തിനു വേണ്ടി ഈ മേഖലയിലെ വിദഗ്ധർ ഒരു കാർഷിക വിള കലണ്ടർ ഉണ്ടാക്കുകയും ആയതിനെ അടിസ്ഥാനമാക്കി ഈ വർഷം മുതൽ കൃഷി ചെയ്യുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു.

ഈ പ്രവർത്തനങ്ങൾ എല്ലാം തന്നെ നെൽകൃഷിയുടെ വിസ്തൃതിയും നെല്ലിന്റെ ഉൽപാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുവാനുള്ള ഇടപെടലുകളാണ്. സാമ്പത്തിക സ്ഥിതി വിവര കണക്ക് വകുപ്പ് പ്രസിദ്ധീകരിച്ചിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ നെൽകൃഷിയുടെ വിസ്തൃതിയിൽ കുറവു വന്നിട്ടുണ്ടെങ്കിലും അരിയുടെ ഉൽപ്പാദനം വർദ്ധിച്ചിട്ടുണ്ട്. 2015-16 ൽ 549275 MT അരി കേരളത്തിൽ ഉത്പാദിപ്പിക്കുവാൻ സാധ്യമായപ്പോൾ അത് 2022-23 വർഷത്തിൽ 595860 MT ആയി ഉയർന്നു.

അപ്രകാരം **ആവശ്യമായ വിവിധ ഉത്പാദനോപാധികൾ, സാമ്പത്തിക - സാങ്കേതിക സഹായങ്ങൾ, അടിസ്ഥാന സൗകര്യങ്ങൾ, യന്ത്രോപകരണങ്ങൾ , ഇൻഷ്വറൻസ് പരിരക്ഷ , സംഭരണത്തിനും വിപണനത്തിനും മൂല്യവർദ്ധനവിനും ആവശ്യമായ സഹായങ്ങൾ , പ്രകൃതി ക്ഷോഭം , കാലാവസ്ഥ വ്യതിയാനം എന്നിവ കൊണ്ടുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള ധനസഹായങ്ങൾ , കൃഷിച്ചെലവ് കുറക്കുന്നതിനുള്ള നൂതന സാങ്കേതിക വിദ്യകൾ ഉപയോഗിക്കുന്നതിനുള്ള ധനസഹായം, അതിനുള്ള സാങ്കേതിക പരിശീലനം എന്നിവ യഥാസമയം നൽകികൊണ്ട് ഉത്പാദനവും ഉത്പാദന ക്ഷമതയും വർധിപ്പിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള കർഷക ക്ഷേമ പ്രവർത്തനങ്ങൾ ആണ് സംസ്ഥാന കൃഷി വകുപ്പ് നടപ്പിലാക്കി**

**വരുന്നത്. ഇതിനായി സംസ്ഥാന സർക്കാരിന്റെ നെൽകൃഷി വികസന പദ്ധതി, സോയിൽ ഹെൽത്ത് ആൻഡ് പ്രൊഡക്ടിവിറ്റി ഇമ്പ്രൂവ്മെന്റ് പ്രോഗ്രാം, ജനകീയാസൂത്രണ പദ്ധതികൾ, റെബിൾഡ് കേരള ഇനിഷ്യേറ്റിവ് പദ്ധതി, RIDF പദ്ധതി , പാലക്കാട് ജില്ലയ്ക്കായി നടപ്പാക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതിയായ ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി, നെല്ല് സംഭരണം എന്നിവയിലൂടെ സമഗ്രവും സുസ്ഥിരവുമായ വികസനത്തിൽ ഊന്നിയുള്ള പ്രവർത്തനങ്ങൾ നടപ്പിലാക്കി വരികയാണ്.** പ്രസ്തുത നടപടികളിലൂടെ കർഷകർക്ക് നെല്ല് സംഭരണ വില സമയബന്ധിതമായി ലഭ്യമാക്കാനും, ഇടക്കാല വായ്പാ സംവിധാന ങ്ങളിലേക്കുള്ള ആശ്രയം കുറയ്ക്കാനും, സഹകരണ മേഖലയെ ശക്തിപ്പെടുത്തിയും കർഷക സൗഹൃദവും സ്ഥിരതയുള്ളതുമായ നെല്ല് സംഭരണ സംവിധാനം സംസ്ഥാനത്ത് ഉറപ്പാക്കാനുമാണ് സർക്കാർ ലക്ഷ്യമിടുന്നത്.

രാജ്യത്ത് ഏറ്റവും മാതൃകാപരമായി വികേന്ദ്രീകൃത ധാന്യസംഭരണ പദ്ധതി നടപ്പിലാക്കുന്ന സംസ്ഥാനമാണ് കേരളം. കർഷകർ ഉൽപാദിപ്പിക്കുന്ന നെല്ലിന് താങ്ങുവിലയോടൊപ്പം പ്രോത്സാഹന ബോണസ് കൂടി നൽകിയാണ് സംസ്ഥാനത്ത് നെല്ല് സംഭരിക്കുന്നത്. കേന്ദ്രസർക്കാർ നെല്ലിന് നൽകുന്ന താങ്ങുവില ക്വിന്റലിന് 2369/- രൂപയാണ്. എം.എസ്.പി.യും സംസ്ഥാന സർക്കാർ നൽകുന്ന പ്രോത്സാഹന ബോണസും കൈകാര്യ ചെലവും ചേർത്ത് ഒരു കിലോ ഗ്രാം നെല്ലിന് 30 രൂപ വിലയിലാണ് 20-10-2025 തീയതി മുതൽ സംഭരിക്കുന്നത്.

സംസ്ഥാനത്തെ നെല്ലിന്റെ ഉയർന്ന ഉത്പാദനച്ചെലവും, ഉത്പാദനോപാധികളുടെ കൂടിയ വിലയും കണക്കാക്കുമ്പോൾ കേന്ദ്രസർക്കാർ നൽകുന്ന ഈ താങ്ങുവില സംസ്ഥാനത്തെ കർഷകരെ സംബന്ധിച്ചിടത്തോളം വളരെ കുറവാണ്. ഏകീകൃത താങ്ങുവിലക്കു പകരം സംസ്ഥാനങ്ങളുടെ ഉത്പാദനച്ചെലവിന്റെ അടിസ്ഥാന ത്തിൽ സംസ്ഥാനാധിഷ്ഠിതമായ് താങ്ങുവില നിശ്ചയിക്കണമെന്നും താങ്ങുവില ഉയർത്തണമെന്നും കേന്ദ്രസർക്കാരിനോട്

| | | | |
|---|---|---|---|
| | | | ആവശ്യപ്പെട്ടിട്ടും നടപടികൾ ഉണ്ടായിട്ടില്ല. ഉല്പാദനചെലവ് കണക്കാക്കി കിലോയ്ക്ക് 40 രൂപയായി നെല്ലിന്റെ താങ്ങുവില ഉയർത്തണമെന്നാണ് കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.<br><br>സംസ്ഥനത്തെ നെല്ല് സംഭരണ പ്രക്രിയ കാര്യക്ഷമമാക്കുന്നതിനും നവീകരിക്കുന്നതിനും ശിപാർശകൾ നൽകുന്നതിനുമായി ഡോ. വി.കെ ബേബി എ.ഐ.എ.എസ് (റിട്ട.)ന്റെ അധ്യക്ഷതയിൽ രൂപീകരിച്ച നെല്ല് സംഭരണം പഠിക്കാനുള്ള വിദഗ്ധ സമിതി സമർപ്പിച്ച ശിപാർശകൾക്ക് 01-02-2026ലെ സ.ഉ.(കൈ) നം. 16/2026/കൃഷി ഉത്തരവ്‌ പ്രകാരം അംഗീകാരം നൽകുകയും പാലക്കാട് ജില്ലയിൽ നവീകരണ പദ്ധതി ആരംഭിക്കുന്നതിലേക്കായി ടാസ്ക് ഫോഴ്സ് രൂപീകരിച്ച് 2026-27 സംഭരണ വർഷം പാലക്കാട് ജില്ലയിൽ നെല്ല് സംഭരണ നവീകരണ പദ്ധതി നടത്തിപ്പിൽ വരുത്തുന്നതിനും തീരുമാനിച്ചിട്ടുണ്ട്.<br><br>**2025-26 സാമ്പത്തിക വർഷം നെൽകൃഷി വികസന പദ്ധതിയുടെ നടത്തിപ്പിനായി മാത്രം ആകെ 9360 ലക്ഷം രൂപ വകയിരുത്തി പദ്ധതി നടപ്പിലാക്കി വരുന്നു. 2025-26 സാമ്പത്തിക വർഷം നടപ്പിലാക്കി വരുന്ന നെല്ലുത്പാദനം മെച്ചപ്പെടുത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നിരവധിയായ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങളും നെൽ കൃഷി പ്രോത്സാഹിപ്പിക്കുന്നതിനു സർക്കാർ നടപ്പിലാക്കുന്ന വിവിധ പദ്ധതികളും സംബന്ധിച്ച വിവരങ്ങൾ അനുബന്ധം ആയി ചേർത്തിരിക്കുന്നു.** |
| (ബി) | തരിശിടുന്ന നെൽവയലുകൾ പുനരുദ്ധരിക്കുന്നതുമായി ബന്ധപ്പെട്ട് എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ? | (ബി) | നെൽകൃഷിവികസനപദ്ധതി പ്രകാരവും പച്ചക്കറി വികസനപദ്ധതി പ്രകാരവും തരിശുനിലങ്ങളിൽ കൃഷി നടപ്പിലാക്കു ന്നതിന് ധനസഹായം നൽകിവരുന്നുണ്ട്. കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും മറ്റുള്ള അപേക്ഷകരോടൊപ്പം തന്നെ ഇപ്രകാരം ആനുകൂല്യം ലഭ്യമാണ്.<br><br>**കൃഷി സമൃദ്ധി പദ്ധതിയിൽ എല്ലാ സാധ്യമായ പ്രദേശങ്ങളും കൃഷിയിടമാക്കി മാറ്റുന്നതിനായി കൃഷിവകുപ്പിന്റെ ഡിജിറ്റൽ പ്ലാറ്റ്ഫോം ആയ AIMS /KATHIR മുഖാന്തിരം നടത്തുന്ന കർഷകന്റെയും കൃഷിയിടത്തി ന്റെയും വിളകളുടെയും വിവരശേഖ ണത്തിന്റെ അടിസ്ഥാനത്തിൽ വാർഡ് തലത്തിലും** |

| | | | |
|---|---|---|---|
| | | | **തദ്ദേശ സ്വയംഭരണ സ്ഥാപന തലത്തിലും മൈക്രോപ്ലാൻ തയ്യാറാക്കി നടപ്പിലാക്കുന്നു. ജനകീയ കാർഷിക മുന്നേറ്റത്തിലൂടെ കാർഷിക പാരിസ്ഥിതിക മേഖലകളെ അടിസ്ഥാനമാക്കി വിവിധ വകുപ്പുകളുടെയും ഏജൻസികളുടെയും പങ്കാളിത്തത്തോടെയാണ് കൃഷിസമൃദ്ധി പദ്ധതി നടപ്പിലാക്കുന്നത്. ഒന്നാം ഘട്ടത്തിൽ 107 തദ്ദേശ സ്വയംഭരണ സ്ഥാപന ങ്ങളിലാണ് കൃഷി സമൃദ്ധി നടപ്പിലാക്കുന്നത്. കൃഷി സമൃദ്ധി വഴി കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്കും ഈ ആനുകൂല്യത്തിന് അപേക്ഷിക്കാവുന്നതാണ്. ഈ പദ്ധതിയിലൂടെ കൃഷിയോഗ്യമായ തരിശ് സ്ഥലങ്ങളിൽ പച്ചക്കറി കൃഷിവ്യാപിപ്പിക്കുവാനും സാധ്യമായ സ്ഥലങ്ങളിൽ മറ്റു വിളകൾക്ക് പ്രാധാന്യം നൽകുവാനും ലക്ഷ്യമിടുന്നു. നവോത്ഥാൻ പദ്ധതിയിലൂടെ പരമാവധി കൃഷിഭൂമി കൃഷിക്കായി ലഭ്യമാക്കുവാൻ നടപടികൾ കൈക്കൊണ്ടു വരുന്നു.** |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

**<u>നെൽകൃഷിയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി 2025-26 സാമ്പത്തിക വർഷം സ്വീകരിച്ച നടപടികൾ</u>**

**1. നെൽകൃഷി വികസന പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ**

- ***നെൽകൃഷി വികസന പദ്ധതിക്കായി 93.6 കോടി രൂപ***യാണ് 2025-26 സാമ്പത്തിക വർഷത്തിൽ വകയിരുത്തിയിരിക്കുന്നത്.
- പദ്ധതിയുടെ ഘടകമായ ***'രജിസ്റ്റേർഡ് വിത്ത് ഉത്പാദനം'*** മുഖാന്തരം ഗുണമേന്മയുള്ളതും അത്യുൽപ്പാദന ശേഷിയുള്ളതുമായ നെൽവിത്ത് എല്ലാ സീസണിലും കർഷകർക്ക് ലഭ്യമാക്കുന്നുണ്ട്. ടി പദ്ധതി പ്രകാരം 2025-26 വർഷത്തിൽ 2300 ഹെക്ടർ സ്ഥലത്ത് കേരള സംസ്ഥാന വിത്ത് വികസന അതോറിറ്റി (KSSDA) മുഖാന്തരം ഗുണമേന്മയുള്ളതും അത്യുൽപ്പാദന ശേഷിയുള്ളതുമായ സെർട്ടിഫൈഡ് നെൽവിത്ത് ഉത്പ്പാദിപ്പിക്കുന്നതിന് 115.00 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി വരികയാണ്. 2025-26 വർഷം നാളിതു വരെ 3380.3 MT നെൽവിത്ത് ഉത്പ്പാദിപ്പിച്ച് വിതരണം ചെയ്തിട്ടുണ്ട്.

- പദ്ധതിയുടെ ഘടകമായ ***'സുസ്ഥിര നെൽകൃഷി വികസനം'*** ത്തിൽ ഉൾപ്പെടുത്തി നെൽകൃഷിക്ക് അത്യുൽപാദനശേഷിയുള്ള നെൽവിത്ത് സൗജന്യമായാണ് നൽകുന്നത്. ഇതോടൊപ്പം വളം, ജൈവ കീടരോഗ നിയന്ത്രണം, മുതലായവയ്ക്കായി ഒരു ഹെക്ടറിന് 5500/- രൂപ ധനസഹായം നൽകുന്നുണ്ട്. ഇതിനായി 2025-26 വർഷത്തിൽ 1.34 ലക്ഷം ഹെക്ടറിലേക്ക് 7370.00 ലക്ഷം രൂപ നീക്കി വെച്ച് കൊണ്ട് പദ്ധതി നടപ്പിലാക്കി വരികയാണ്.

- പൊതു ഞാറ്റടി, കർഷക യന്ത്രോപകരണങ്ങളുടെ റിപ്പയർ, തോടുകളുടെ അറ്റകുറ്റ പണികൾ തുടങ്ങിയ ***പാടശേഖരസമിതികളുടെ പൊതുവായ ആവശ്യങ്ങൾക്കുള്ള പ്രവർത്തന ചെലവിനായി*** ഹെക്ടറിന് 360/- രൂപ ക്രമത്തിൽ 350.00 ലക്ഷം രൂപ നീക്കി വെച്ച് കൊണ്ട് പദ്ധതി നടപ്പിലാക്കി വരികയാണ്. കൂടാതെ നെൽകൃഷി അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പ്രാദേശികമായി തന്നെ പരിഹാരം കാണുന്നതിനായി രൂപീകരിക്കപ്പെട്ടിട്ടുള്ള 10 നെൽകൃഷി വികസന ഏജൻസികൾക്കുള്ള ഹോണറേറിയം, സിറ്റിംഗ് ഫീസ്, പ്രോജക്ടാധിഷ്ഠിത ധനസഹായം എന്നിവയ്ക്കായി നടപ്പു തവർഷം 30 ലക്ഷം രൂപ നീക്കി വെച്ചിട്ടുമുണ്ട്.

- ***തരിശു നിലങ്ങൾ കൃഷിയോഗ്യമാക്കുന്നതിന്*** ഹെക്ടർ ഒന്നിന് 35000/- രൂപ കർഷകനും 5000/- രൂപ ഭൂവുടമകൾക്കും ചേർത്ത് ആകെ 40,000/- രൂപ പ്രകാരം ആനുകൂല്യം നൽകുന്നുണ്ട്. ഇതിനായി 2025-26 സാമ്പത്തിക വർഷത്തിൽ **800** ഹെക്ടർ തരിശ് ഭൂമി കൃഷിയോഗ്യമാക്കുന്നതിനായി 320.00 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്. കൂടാതെ പ്രത്യേക നെല്ലിനങ്ങളുടെ കൃഷി 250 ഹെക്ടറിൽ നടപ്പിലാക്കുന്നതിനായി ഹെക്ടർ ഒന്നിന് 10,000/- രൂപ നിരക്കിൽ 25.00 ലക്ഷം രൂപയും നീക്കി വെച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി വരികയാണ്.
- കോൾ മേഖലയിലെ നെൽകൃഷി വികസനത്തിനായി തൃശൂർ ജില്ലയിൽ നടപ്പാക്കിയ പ്രത്യേക ***ഓപ്പറേഷൻ ഡബിൾ കോൾ പദ്ധതി***യിൽ ഉൾപ്പെടുത്തി ഒരുപ്പൂ കൃഷിയിറക്കുന്ന കോൾ പടവുകളിൽ രണ്ടു പൂ നെൽകൃഷി, ഒന്നാം വിള നെൽകൃഷിക്ക് ശേഷം രണ്ടാം വിളയായി പയർ/ചോളം/എണ്ണക്കുരു വിളകൾ എന്നിവയുടെ കൃഷി, പമ്പ്സെറ്റ് ഉൾപ്പെടെയുള്ള മെഷിനറികൾ വാങ്ങി സ്ഥാപിക്കൽ, ബണ്ടുകളുടെയും സ്ലൂയിസുകളുടെയും അറ്റകുറ്റപ്പണി, ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയ്ക്കായി 2025-26 വർഷത്തിൽ 50.00 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

- ***ഡ്രോൺ ഉപയോഗിച്ച് പത്രപോഷണത്തിലൂടെ സൂക്ഷ്മ മൂലകങ്ങൾ നൽകുന്നത്*** വഴി നെല്ലിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർധിപ്പിക്കുന്നതിനായി 2025-26

സാമ്പത്തിക വർഷത്തിൽ **15000** ഹെക്ടറിലേയ്ക്ക് 300.00 ലക്ഷം രൂപ നീക്കി വെച്ചുകൊണ്ട് പദ്ധതി നടപ്പിലാക്കി വരുന്നു. ഡ്രോൺ ഉപയോഗിച്ച് കൊണ്ടുള്ള വിതയും പ്രോത്സാഹിപ്പിക്കുന്നുണ്ട്. ആലപ്പുഴ, എറണാകുളം, പാലക്കാട് ജില്ലകളിൽ ആയത് നടപ്പിലാക്കിയിരുന്നു.

- 2025-26 സാമ്പത്തിക വർഷത്തിൽ പ്രൊജക്ട് അടിസ്ഥാനത്തിൽ, ***ബ്ലോക്ക് തല സംയോജനത്തോടെ പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസനം***, അരി മില്ലുകളുടെ സ്ഥാപനം, തദ്ദേശ ബ്രാൻഡുകളുടെ പ്രോത്സാഹനം എന്നിവയ്ക്കായി 75.00 ലക്ഷം രൂപ നീക്കി വെച്ച കൊണ്ട് പദ്ധതി നടപ്പിലാക്കി വരുന്നു.

- ***പൊക്കാളി നെൽകൃഷി സംരക്ഷിക്കുന്നതിനും പൊക്കാളി നെല്ലിനങ്ങളുടെ വിത്തിന്റെ ലഭ്യത ഉറപ്പാക്കുന്നതിനും*** ഔഷധ ഗുണമുള്ളതും ജി ഐ ടാഗ് ലഭ്യമായിട്ടുള്ള പരമ്പരാഗത പൊക്കാളി ഇനങ്ങളെ സംരക്ഷിക്കുന്നതിനുമായി നടപ്പ സാമ്പത്തിക വർഷം 25 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. പദ്ധതി എറണാകുളം ജില്ലയിൽ നടപ്പിലാക്കി വരുന്നു.

- നെൽവയലുകൾ സംരക്ഷിക്കുന്നതിന് ***നെൽവയലുകളുടെ ഉടമസ്ഥർക്ക്*** ഹെക്ടറിന് 3000/- രൂപ നിരക്കിൽ ***റോയൽറ്റി*** നൽകുന്നതിന് 2025-26 സാമ്പത്തിക വർഷത്തിൽ 700.00 ലക്ഷം രൂപ നീക്കി വെച്ചിട്ടുണ്ട്.

- ശാസ്ത്രീയമായ നെൽകൃഷി രീതികൾ അവലംബിക്കുന്നതിനു വേണ്ട സാങ്കേതിക ഉപദേശങ്ങളും നൽകുന്നു.

**2. സോയിൽ ഹെൽത്ത് ആൻഡ് പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാമിലൂടെ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ**

- നെൽവയലിലെ മണ്ണിന്റെ ആരോഗ്യനില മെച്ചപ്പെടുത്തുന്നതിനും അത് വഴി വളത്തിന്റെ കാര്യക്ഷമത വർധിപ്പിച്ചു ഉത്പാദന ക്ഷമത കൂട്ടുന്നതിനുമായി സംസ്ഥാന കൃഷി വകുപ്പ് പദ്ധതിയായ ***സോയിൽ ഹെൽത്ത് ആൻഡ് പ്രൊഡക്ടിവിറ്റി ഇംപ്രൂവ്മെന്റ് പ്രോഗ്രാം*** പ്രകാരം കുമ്മായത്തിന് 75% വരെ, പരമാവധി ഹെക്ടറിന് 5400 എന്ന നിരക്കിൽ സാമ്പത്തിക സഹായം നൽകുന്നുണ്ട്. 2025-26 സാമ്പത്തിക വർഷത്തിൽ 59444.44 ഹെക്ടർ നെൽകൃഷിക്കുള്ള കുമ്മായത്തിനും അതിന്റെ ട്രാൻസ്പോർട്ടേഷൻ ചെലവുകൾക്കുമായി 3210.00 ലക്ഷം രൂപയും നീക്കി വെച്ചിട്ടുണ്ട്. പദ്ധതി നടപ്പിലാക്കി വരികയാണ്.

- ഇതേ പദ്ധതി പ്രകാരം ജൈവരോഗ നിയന്ത്രണ ഉപാധികളായ ട്രൈക്കോഡെർമ സ്യൂഡോമൊണാസ്, VAM എന്നിവ കൃഷിയിടത്തിൽ വെച്ച് തന്നെ കുറഞ്ഞ ചെലവിൽ കർഷകർക്ക് സ്വന്തമായി ഉത്പ്പാദിപ്പിക്കുവാനുള്ള സാങ്കേതികവിദ്യ (***ഓൺ ഫാം പ്രൊഡക്ഷൻ ടെക്നോളജി*** ) ഹൈദരാബാദിലുള്ള National Institute of Plant Health Management (NIPHM) മുഖേന കർഷകർക്ക് നൽകുകയും കർഷകർ സ്വന്തമായി ഇവ ഉത്പാദിപ്പിക്കുകയും ഉപയോഗിക്കുകയും ചെയ്തു വരുന്നു . ഇത് വഴി വിള ആരോഗ്യം മെച്ചപ്പെടുത്താനും ഉത്പാദനക്ഷമത വർധിപ്പിക്കാനും സുസ്ഥിര കൃഷി രീതികൾ പ്രോത്സാഹിപ്പിക്കാനും സാധിച്ചിട്ടുണ്ട്.

**3. ജനകീയാസൂത്രണ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ**

- തദ്ദേശ സ്വയം ഭരണ സ്ഥാപനങ്ങളുടെ വിവിധ നെൽകൃഷി വികസന പദ്ധതികളിൽ ഉൾപ്പെടുത്തി ***ഉഴവുകൂലിക്കും ഉത്പാദനോപാധികൾക്കുമുള്ള ആനുകൂല്യം*** (പരമാവധി 25000/-രൂപ/ഹെക്ടർ) കർഷകർക്ക് നൽകിവരുന്നു. പൊക്കാളി, കരി, കൈപ്പാട് എന്നീ പ്രത്യേക നെൽകൃഷി മേഖലകളിൽ പരമാവധി ആനുകൂല്യം ഹെക്ടറിന് 32,000/- രൂപയാണ്.

- നെല്ലിൽ പന്നി ഉൾപ്പെടെ വന്യമൃഗ ശല്യം രൂക്ഷമായ സ്ഥലങ്ങളിൽ ***കമ്പി വേലി, സോളാർ വേലി*** എന്നിവ സ്ഥാപിക്കുന്ന നൂതന പദ്ധതികൾ നടപ്പിലാക്കിവരുന്നു. കൂടാതെ ***നെല്ല് മൂല്യ വർദ്ധനവ് നടത്തി തവിടുള്ള അരിയായി ബ്രാൻഡ് ചെയ്ത്*** വിൽപ്പന നടത്തുന്ന പദ്ധതികളും പഞ്ചായത്തുകൾ മുഖാന്തരം നടത്തുന്നുണ്ട്.

- ജനകീയാസൂത്രണ പദ്ധതിയിലുൾപ്പെടുത്തി അഗ്രോ സർവീസ് സെന്ററുകൾ, ക്രോപ് ഹെൽത്ത് ക്ലിനിക്കുകൾ എന്നിവ മുഖേന ***രോഗ കീട നിയന്ത്രണത്തിനായി സബ്സിഡി നിരക്കിൽ*** രാസ കീടനാശിനികളും കമിൾ നാശിനികളും നൽകുന്നുണ്ട്.

നടപ്പ് വർഷം മേൽപ്രവർത്തനങ്ങൾക്കായി നാളിതുവരെ 4472.51537 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

### 4. റീബിൾഡ് കേരള ഇനിഷ്യേറ്റീവ് പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ

റീബിൽഡ് കേരള ഇനീഷ്യേറ്റീവ് (ആർ.കെ.ഐ.) പദ്ധതികളുടെ ഭാഗമായി നെല്ലുത്പാദനം മെച്ചപ്പെടുത്തുന്നതിനായി ചുവടെ ചേർത്തിരിക്കുന്ന പ്രകാരം ***പാടശേഖരങ്ങളുടെ അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾ*** മെച്ചപ്പെടുത്തിയിട്ടുണ്ട്.

**1) ചെങ്ങന്നൂർ സമൃദ്ധി – തരിശു രഹിത ചെങ്ങന്നൂർ**

ചെങ്ങന്നൂർ നിയോജകമണ്ഡലത്തിൽ നെൽകൃഷിക്കായി "ചെങ്ങന്നൂർ സമൃദ്ധി – തരിശു രഹിത ചെങ്ങന്നൂർ – അടിസ്ഥാന സൗകര്യ വികസനം" എന്ന പേരിലുള്ള പദ്ധതിയ്ക്ക് 10.00 കോടി രൂപയുടെ ഭരണാനുമതി നല്കി . വെള്ളപ്പൊക്കത്തിൽ നിന്ന് പ്രദേശത്തെ സംരക്ഷിക്കുന്നതിനും തരിശുഭൂമിയിൽ കൃഷി വ്യാപിപ്പിക്കുന്നതിനും മതിയായ അടിസ്ഥാന സൗകര്യങ്ങളും ശരിയായ ജല മാനേജ്മെന്റും നൽകി പ്രദേശത്ത് കൃഷി സൗഹാർദ്ദം പുനഃസ്ഥാപിക്കുന്നതിനും ഉദ്ദേശിച്ചുള്ളതാണ് പദ്ധതി.

**2) തൃശ്ശൂർ പൊന്നാനി കോൾ നിലങ്ങളിലെ നെല്ലുൽപാദനം വർദ്ധിപ്പിക്കുന്നതിന് വെള്ളപ്പൊക്കവും വരൾച്ചയും മറികടക്കാൻ മെച്ചപ്പെട്ട അടിസ്ഥാന സൗകര്യങ്ങൾ**

തൃശ്ശൂർ പൊന്നാനി കോൾ നിലങ്ങളിലെ നെല്ലുത്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള പദ്ധതിയ്ക്ക് 298 കോടി രൂപയുടെ ഭരണാനുമതി നല്കി. ഈ പദ്ധതി നടപ്പിലാകുന്നത് തൃശ്ശൂർ ജില്ലയിലെ മുകുന്ദപുരം, തലപ്പള്ളി, ചാവക്കാട്, തൃശ്ശൂർ താലൂക്കുകളിലും മലപ്പുറം ജില്ലയിലെ പൊന്നാനി താലൂക്കിലുമാണ്. തൃശ്ശൂർ-കോൾ മേഖലയിലെ പ്രധാനപ്പെട്ട 32 കനാലുകളിൽ വർഷങ്ങളായി അടിഞ്ഞു കൂടിയ എക്കലും മണ്ണും നീക്കം ചെയ്യുക, ആഴം കൂട്ടുക, അധിവർഷം മൂലമുണ്ടാകുന്ന അധികജലത്തിന് കടലിലേയ്ക്കൊഴുകാനുള്ള സുഗമമായ വഴി ഒരുക്കുക, അതുവഴി വെള്ളക്കെട്ടും, പ്രളയത്തിനും പരിഹാരം കാണുക, അനുയോജ്യമായ സ്ഥലങ്ങളിലെ ബണ്ടുകൾ ശക്തിപ്പെടുത്തൽ, കോട്ടച്ചാൽ, പുഴയ്ക്കൽ ച്ചാൽ, ചേട്ടപ്പുഴച്ചാൽ എന്നീ പ്രധാന കനാലുകളുടെ വികസനം എന്നിവയാണ് ടി പദ്ധതിയിൽ ഉൾപ്പെടുന്ന ഘടകങ്ങൾ.

കെ.എൽ.ഡി.സി , അഗ്രിക്കൾച്ചറൽ എഞ്ചിനീയറിംഗ് വിഭാഗം , കെ.എസ്.ഇ.ബി, കേരളാ അഗ്രോ ഇൻഡസ്ട്രീസ് കോർപ്പറേഷൻ എന്നീ ഏജൻസികളാണ് ഈ പദ്ധതിയുടെ നിർവ്വഹണം നടത്തുന്നത്.

### 5. RIDF പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ

- **State Agriculture എഞ്ചിനീയർ** മുഖാന്തരം 2025-26 കാലയളവിൽ നെൽകൃഷിയുടെ ഉത്പാദനവും ഉത്പാദനക്ഷമതയും വർധിപ്പിക്കുന്നതിനായി NABARD-ന്റെ Rural Infrastructure Development Fund (RIDF) വിവിധ ട്രാഞ്ചെകളുടെ കീഴിൽ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടപ്പിലാക്കി വരുന്നു. പ്രധാനമായും കുട്ടനാട് മേഖലയിലും ആലപ്പുഴ, പാലക്കാട്, തൃശ്ശൂർ, കോട്ടയം

തുടങ്ങിയ ജില്ലകളിലെ താഴ്ന്ന പ്രദേശ നെൽപ്പാടശേഖരങ്ങളിലാണ് ഈ പദ്ധതികൾ കേന്ദ്രീകരിക്കുന്നത്.

*പാടശേഖരങ്ങളിലെ ബണ്ടുകളുടെ ശക്തിപ്പെടുത്തൽ (Bund strengthening / outer bund protection) പ്രളയ സംരക്ഷണത്തിനും വെള്ളം തടയുന്നതിനും.

*സ്ലൂയിസ്, പെട്ടി, പറ തുടങ്ങിയ ജലനിയന്ത്രണ ഘടനകളുടെ നിർമ്മാണവും പരിഷ്കരണവും.

*മോട്ടോർ ഷെഡുകൾ, ലിഫ്റ്റ് ഇറിഗേഷൻ സംവിധാനങ്ങൾ സ്ഥാപിക്കൽ, ജലസേചന സൗകര്യങ്ങൾ മെച്ചപ്പെടുത്താൻ.

*ഊർജ്ജ ക്ഷമമായ (energy-efficient) പമ്പ് സെറ്റുകൾ സ്ഥാപിക്കൽ -പരമ്പരാഗത പെട്ടി-പറ സംവിധാനങ്ങൾക്ക് പകരം പ്രളയ പ്രതിരോധ ശേഷിയുള്ള വെള്ളം നീക്കം ചെയ്യുന്ന ഉപകരണങ്ങൾ.

*കനാലുകളുടെ ഡി-സിൽട്ടിംഗ്, ഡ്രെയിനേജ് സംവിധാനങ്ങൾ മെച്ചപ്പെടുത്തൽ, ട്രാക്ടർ റാമ്പുകൾ (tractor ramps), ആക്സസ് റോഡുകൾ തുടങ്ങിയ അടിസ്ഥാന സൗകര്യങ്ങളുടെ നവീകരണവും നിർമ്മാണവും.

## 6. ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതിയിലൂടെ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ

- ***ദേശീയ ഭക്ഷ്യ സുരക്ഷാ പദ്ധതി (നെല്ല് )*** പ്രകാരം പാലക്കാട് ജില്ലയിൽ പ്രദർശന പ്ലോട്ടുകൾ, സെർട്ടിഫൈഡ് വിത്തുല്പാദനം, മണ്ണ് പരിപോഷണം, സമീകൃത വളപ്രയോഗം, സംയോജിത കീട രോഗ നിയന്ത്രണം, യന്ത്രവൽക്കരണം, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവ നെൽകൃഷി പരിശീലന പരിപാടി തുടങ്ങിയവയ്ക്കായി 2024-25 സാമ്പത്തിക വർഷത്തിൽ 13.42 ലക്ഷം രൂപ അനുവദിക്കുകയും 13.42 ലക്ഷം രൂപ ചെലവഴിക്കുകയും ചെയ്തിട്ടുള്ളതാകുന്നു. കൂടാതെ 60.6 ലക്ഷം രൂപയുടെ ആക്ഷൻ പ്ലാൻ കേന്ദ്ര സർക്കാർ അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ട്.

- പ്രദർശനപ്ലോട്ടുകൾ, മണ്ണ് പരിപോഷണം, സമീകൃത വളപ്രയോഗം, സംയോജിത കീട രോഗ നിയന്ത്രണം, യന്ത്രവൽക്കരണം, ജലസേചന സൗകര്യം മെച്ചപ്പെടുത്തൽ, ജൈവനെൽകൃഷി, പരിശീലന പരിപാടി തുടങ്ങിയവയ്ക്കായും സർക്കാർ ധനസഹായം നൽകുന്നുണ്ട്

## 7. നെല്ല് സംഭരണത്തിലൂടെ നടപ്പിലാക്കി വരുന്ന പ്രവർത്തനങ്ങൾ

നെല്ല് കർഷകർക്ക് ഉറപ്പുള്ള വരുമാനം നൽകുന്നതിനും സംഭരണവുമായി ബന്ധപ്പെട്ട് മുമ്പ് അനുഭവപ്പെട്ടിരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനുമായി സർക്കാർ വിവിധ നയപരവും ധനകാര്യപരവുമായ നടപടികൾ സ്വീകരിച്ചുവരുന്നു. കേന്ദ്ര സർക്കാർ പ്രഖ്യാപിക്കുന്ന കുറഞ്ഞ താങ്ങുവിലയ്ക്ക് (MSP) പുറമെ സംസ്ഥാന സർക്കാരിന്റെ പ്രോത്സാഹന ബോണസും ഉൾപ്പെടുത്തി നെല്ല് സംഭരണം നടത്തുന്നു. ഇതനുസരിച്ച് 01.11.2025 മുതൽ കിലോഗ്രാമിന് ₹30/- എന്ന നിരക്കിലാണ് നെല്ല് സംഭരണ വില നിശ്ചയിച്ചിരിക്കുന്നത്. ഇതിലൂടെ നെൽ കൃഷിക്ക് പ്രോത്സാഹനം നൽകുകയും കർഷകർക്ക് വരുമാന സുരക്ഷ ഉറപ്പാക്കുകയും ചെയ്യുകയാണ് ലക്ഷ്യം.

സംഭരണ സംവിധാനത്തിൽ മുൻ സീസണുകളിൽ നേരിട്ടിരുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിനായി നെല്ല് സംഭരണത്തിൽ സഹകരണ മേഖലയെ കൂടുതൽ സജീവമായി പങ്കെടുപ്പിക്കുന്നതിനായി പുതിയ സംവിധാനം സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് സപ്ലൈകോയെ സംസ്ഥാന നോഡൽ ഏജൻസിയായി നിലനിർത്തിക്കൊണ്ട്, പ്രാഥമിക കാർഷിക സഹകരണ സംഘങ്ങൾ (PACS) മുഖേന

കർഷകരിൽ നിന്ന് നേരിട്ട് നെല്ല് സംഭരിച്ച് കാലതാമസമില്ലാതെ വില നൽകുന്നതിനാണ് ലക്ഷ്യമിടുന്നത്. സംഭരണം, മില്ലിംഗ്, അരി വിതരണം എന്നിവ ഏകോപിപ്പിക്കുന്നതിന് നോഡൽ സഹകരണ സംഘങ്ങൾ പ്രവർത്തിക്കുകയും, പൊതുവിതരണ സംവിധാനവുമായി ബന്ധപ്പെട്ട ഉത്തരവാദിത്തങ്ങൾ സപ്ലൈകോ തുടർന്നും നിർവഹിക്കുകയും ചെയ്യും. പുതിയ സംവിധാനത്തിന്റെ ഭാഗമായി കേരള ബാങ്ക് മുഖേന പ്രത്യേക ലിക്വിഡിറ്റി സഹായം, സഹകരണ സംഘങ്ങൾക്ക് സാമ്പത്തിക പ്രോത്സാഹനങ്ങൾ, MSP യും സംസ്ഥാന പ്രോത്സാഹന ബോണസും ഉൾപ്പെടെയുള്ള തുകകളുടെ ലളിതമായ ഫണ്ട് പ്രവാഹ സംവിധാനം എന്നിവ ഒരുക്കിയിട്ടുണ്ട്.

2016-17 സാമ്പത്തിക വർഷം മുതൽ 2024-25 സാമ്പത്തിക വർഷം വരെയുള്ള , കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും ചേർത്തുള്ള കേരളത്തിലെ നെല്ലിന്റെ സംഭരണവില ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | സാമ്പത്തിക വർഷം | താങ്ങുവില (കേന്ദ്ര സർക്കാർ നൽകുന്നത്) (രൂപ/ മെട്രിക് ടൺ) | സംസ്ഥാനം അധികമായി നൽകുന്നത് (രൂപ/ മെട്രിക് ടൺ) | സംഭരണ വില (രൂപ/ മെട്രിക് ടൺ) |
|---|---|---|---|---|
| 1 | 2016-17 | 14700 | 7800 | 22500 |
| 2 | 2017-18 | 15500 | 7800 | 23300 |
| 3 | 2018-19 | 17500 | 7800 | 25300 |
| 4 | 2019-20 | 18150 | 8800 | 26950 |
| 5 | 2020-21 | 18680 | 8800 | 27480 |
| 6 | 2021-22 | 19400 | 8600 | 28000 |
| 7 | 2022-23 | 20400 | 7800 | 28200 |
| 8 | 2023-24 | 21830 | 6370 | 28200 |
| 9 | 2024-25 | 23000 | 5200 | 28200 |
| 10 | 2025-26 | 23690 | 6310 | 30000 |

**8. പ്രകൃതി ക്ഷോഭം, കാലാവസ്ഥ വ്യതിയാനം എന്നിവ കൊണ്ടുണ്ടാകുന്ന നാശനഷ്ടങ്ങൾക്കുള്ള ധനസഹായങ്ങൾ**

- പ്രകൃതിക്ഷോഭം മൂലം നെൽകൃഷിയ്ക്ക് ആരംഭഘട്ടത്തിൽ നാശം സംഭവിക്കുന്ന സാഹചര്യങ്ങളിൽ പകരം വിതയ്ക്കുവാനുള്ള നെൽവിത്ത് സൗജന്യമായി നൽകുന്നു.
- ***പ്രകൃതിക്ഷോഭ ദുരിതാശ്വാസ നിധിയിൽ*** നിന്നും ഹെക്ടറിന് 17000/- രൂപ നിരക്കിലും വിള ഇൻഷുറൻസ് പദ്ധതിയിൽ അംഗമായ കർഷകർക്ക് 45 ദിവസത്തിനകമുള്ള വിളയ്ക്ക് ഉണ്ടാകുന്ന നാശത്തിനു ഹെക്ടറിന് 15000/- രൂപയും 45 ദിവസത്തിന് ശേഷമുള്ള വിളയ്ക്ക് ഉണ്ടാകുന്ന നാശത്തിനു ഹെക്ടറിന് 35000/- രൂപ പ്രകാരവും ധനസഹായം അനുവദിക്കുന്നുണ്ട്.
- ***കാലാവസ്ഥാധിഷ്ഠിത വിള ഇൻഷുറൻസ് പദ്ധതിയിൽ*** ഹെക്ടർ ഒന്നിന് 80,000 രൂപ ഇൻഷുറൻസ് തുകയായി ഇൻഷുർ ചെയ്യുന്ന കർഷകർക്ക് സഹായം നൽകുന്നു. ഇൻഷുറൻസ് തുകയുടെ 2 ശതമാനം ഖാരിഫിലും 1.5 ശതമാനം റാബി സീസണിലും കർഷകർ പ്രീമിയം അടക്കേണ്ടതുള്ളു . ബാക്കി തുക പ്രീമിയം സബ്സിഡിയായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ തുല്യമായി വഹിച്ചു കൊണ്ട് കർഷകരെ സഹായിക്കുന്നു.

**9. പദ്ധതിയേതര പ്രവർത്തനങ്ങൾ**

- ***നോൺ പ്ലാൻ (പദ്ധതിയേതരം)*** ഇനത്തിൽ ഉൾപ്പെട്ടുത്തി നെല്ലിന്റെ ഉത്പാദന ബോണസായി ഓരോ സീസണിലെ നെൽക്കൃഷിക്കും ഹെക്ടറിന് 1000/- രൂപ നൽകുന്നു. ഇതിനായി 2025-26 വർഷത്തിൽ 1368.50 ലക്ഷം രൂപ നീക്കി വെച്ച് കൊണ്ട് പദ്ധതി നടപ്പിലാക്കി വരികയാണ്.

- നെൽകൃഷിക്ക് പരിധിയില്ലാതെയും, മറ്റ് വിളകൾക്ക് രണ്ട് ഹെക്ടർ വരെയും ***ജലസേചനത്തിന് വൈദ്യുതി സൗജന്യമായി*** അനുവദിച്ചു വരുന്നുണ്ട്. ഇതിനായി 2025-26 വർഷത്തിൽ 3692.00 ലക്ഷം രൂപ നീക്കി വെച്ച് കൊണ്ട് പദ്ധതി നടപ്പിലാക്കി വരികയാണ്. കൂടാതെ ഈ പദ്ധതിയിൻകീഴിൽ നാളിതുവരെ ഉണ്ടായിട്ടുള്ള കുടിശ്ശിക എഴുതിത്തള്ളുന്നതിനും അത് വഴി കർഷകർക്ക് തടസ്സമില്ലാതെ കാർഷിക വൈദ്യുതി ലഭ്യമാക്കുവാനുള്ള തീരുമാനവും സർക്കാർ എടുത്തിട്ടുണ്ട്.
- കുട്ടനാടൻ പ്രദേശങ്ങളുടെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് അവിടുത്തെ കാർഷിക പ്രവർത്തനങ്ങളെ അടിസ്ഥാനെപ്പടുത്തി നെൽകൃഷിയുടെ ഓരോ പ്രവർത്തനങ്ങളും സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി വെള്ളം വറ്റിയ്ക്കുന്നതു മുതൽ ചെയ്യേണ്ട പ്രവർത്തനങ്ങളുടെ ഒരു കാർഷിക കലണ്ടർ ഉണ്ടാക്കുകയും അതിനെ അടിസ്ഥാനമാക്കി യഥാസമയം കൃഷി തുടങ്ങുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.
- നെല്ലിന്റെ ഉത്പാദനവും ഉത്പാദനക്ഷമതയും വർദ്ധിപ്പിക്കുന്നതിനായി വിവിധ കാർഷിക പാരിസ്ഥിതിക യൂണിറ്റിന് അനുയോജ്യമായ ***അത്യുത്പാദനശേഷിയുള്ള വിത്തിനങ്ങൾ,*** ശാസ്ത്രീയ പരിചരണമുറകൾ എന്നിവ ഉരുത്തിരിച്ചെടുക്കുകയും ഇവ പ്രചരിപ്പിക്കുന്നതിനായി ഗവേഷണ വ്യാപന ഉപദേശക സമിതി, പ്രദർശന തോട്ടങ്ങൾ, പരിശീലന പരിപാടികൾ എന്നിവ കാർഷിക സർവ്വകലാശാല മുഖാന്തരം നടത്തിവരുന്നു.

**സെക്ഷൻ ഓഫീസർ**